is Rs. 75,952. No expenditure has yet been incurred. The Operation room work has been entrusted on contract.

271. Mr. Popatlal Goverdhan Lalan.—Out of the donation from His Highnesa of three lakhs of rupees what is the sum allotted for the Mattancheri Male Hospital and what amount has so far been spent and in which manner?

Mr. V. K. Aravindaksha Menon.—Rupees 75,952. The work of the Operation room has been let on contract. No expenditure has yet been incurred.

Gambling in Public Places at Ernakulam.

272. മിസ്റ്റർ കെ. പി. വള്ളോൻ.— എറണാകുളം പട്ടണത്തിലുള്ള പബ്ലിക്ക് സ്ഥലങ്ങളിൽ വെച്ചു ദിനന്തോറും പരസ്യമായി നടത്തിവരുന്ന കവർപ്പെ മുതലായ കളികൾക്കു് ബഹുമാനപ്പെട്ട ഗവൺമെണ്ടിൽനിന്നും അനുമതി കൊടുത്തിട്ടുണ്ടോ?

മിസ്റ്റർ പി. നീലകണ്ഠമേനോൻ.—ഇതിൽ പറയുന്ന യാതൊരു കളികളും എറണാകുളത്തു നടത്തുന്നില്ല. ഗവൺമെണ്ടിൽ നിന്നും അനുവാദവും കൊടുത്തിട്ടില്ല. കൂടാതെ, മേൽപറഞ്ഞ കളി നടത്തുന്നവരെ നിയമപ്രകാരം പ്രോസിക്യൂട്ട ചെയ്യുവാൻ കീഴദ്യോഗസ്ഥന്മാർക്കും നിഷ്കർഷയായി കല്പനയും കൊടുത്തിട്ടുണ്ടു്.

മിസ്റ്റർ കെ. പി. വള്ളോൻ.—കളികൾ നടത്തുന്നില്ലെന്നുള്ള അറിവു് ആരിൽനിന്നാണു കിട്ടീട്ടുള്ളതു് ?

മിസ്റ്റർ പി. നീലകണ്ഠമേനോൻ.—പോലീസുകാരിൽ നിന്നു്.

മിസ്റ്റർ കെ. എം. ഇബ്രാഹിം.— ഈ ചോദ്യം കിട്ടിയതിൽ പിന്നെ പ്രത്യേകം അന്വേഷണം നടത്തീട്ടുണ്ടോ എന്നു ദയവായി പറയുമോ ?

മിസ്റ്റർ പി. നീലകണ്ഠമേനോൻ — അടുത്തു തന്നെ ഇതിനെപ്പറ്റി അന്വേഷണം ഉണ്ടായിട്ടുണ്ടു്.

മിസ്റ്റർ കെ. എം. ഇബ്രാഹിം. ഈ ചോദ്യം കിട്ടിയതിനു ശേഷം വല്ല അന്വേഷണവും നടത്തീട്ടുണ്ടോ എന്നു തീർച്ചു പറയാമോ ?

മിസ്റ്റർ പി. നീലകണ്ഠമേനോൻ.— ഇതിനു മുമ്പോ, പിന്നീടോ എന്നു നിശ്ചയമില്ല.

മിസ്റ്റർ കെ. എം. ഇബ്രാഹിം.— ആരാണു് അന്വേഷിച്ചതു് ?

മിസ്റ്റർ പി. നീലകണ്ഠമേനോൻ.— പോലീസുകാർ.

മിസ്റ്റർ കെ. എം. ഇബ്രാഹിം.— പോലീസുകാരെന്നുവച്ചാൽ ഇൻസ്പെക്ടർമാരോ, കാൺസ്റ്റബിൾമാരോ ആരാണു് ?

മിസ്റ്റർ പി. നീലകണ്ഠമേനോൻ.—ഇൻസ്പെക്ടർ, ഡി. എസ്സ്. പി. മുതലായവർ അന്വേഷിച്ചു.

മിസ്റ്റർ കെ എം. ഇബ്രാഹിം.— അവരുടെ റിപ്പോർട്ട് കിട്ടീട്ടുണ്ടോ ?

LIBRARY ARCHIVES Kerala Legislative Assembly

മിസ്റ്റർ പി. നീലകണ്ഠമേനോൻ.—കിട്ടീട്ടുണ്ട്.

മിസ്റ്റർ പി. കുമാരനെഴുത്തശ്ശൻ.— ഇപ്പോഴും വല്ല കളികളും നടക്കുന്നുണ്ടോ ?

മിസ്റ്റർ പി. നീലകണ്ഠമേനോൻ.— നടക്കുന്നതായിട്ട് അറിവില്ല.

മിസ്റ്റർ പി. കുമാരനെഴുത്തശ്ശൻ.—ഈ ബാൻറ് ഷെഡ്ഡിനടുത്തു വച്ചു കളി നടത്തുന്നുണ്ടെന്നറിയാമോ ?

മിസ്റ്റർ പി. നീലകണ്ഠമേനോൻ.— അറിവില്ല.

മിസ്റ്റർ ടി. എ. രാമചന്ദ്രയ്യർ.— കവർ പ്ലെ അല്ലാതെ അതുപോലെയുള്ള വേറെ വല്ല കളികളും നടക്കുന്നുണ്ടോ ?

മിസ്റ്റർ പി. നീലകണ്ഠമേനോൻ —യാതൊരു കളികളും നടത്തുവാൻ പാടില്ലെന്നാണ് നിയമം.

മിസ്റ്റർ എം. കൃഷ്ണമേനോൻ.— വേറെയുള്ള കളികൾ എന്താണെന്നു മനസ്സിലായില്ല.

മിസ്റ്റർ പി. നീലകണ്ഠമേനോൻ.— റിങ്ങ് ഇട്ടു കളിയ്ക്കുക; മുണ്ടു് ഇട്ടു മൂടി ജാലവിദ്യകളും കാണിയ്ക്കുക മുതലായ കളികൾ.

മിസ്റ്റർ എം. കൃഷ്ണമേനോൻ.—മുണ്ടു് ഇട്ടു മൂടിയുള്ള കളിയാണോ കവർ പ്ലെ ?

Mr. P. Nilakanta Menon.—It is more or less a game of chance. All games of chance are prohibited by law.

മിസ്റ്റർ പോപ്പറുലാൽ ഗോവർദ്ധനലാലൻ.— വല്ല പെരുന്നാൾ ദിവസങ്ങളിലും ഈ മാതിരി കളികൾ നടത്തുമ്പോൾ അവയൊന്നും ഗവമ്മെണ്ടിന്റെ ദൃഷ്ടിയിൽ പെട്ടിട്ടില്ലേ ?

മിസ്റ്റർ പി. നീലകണ്ഠമേനോൻ.—അങ്ങനെ ഉണ്ടായിട്ടുള്ളതായി അറിവില്ല. ഉണ്ടെങ്കിൽ അറിവു തരാതിരിയ്ക്കയില്ല.

മിസ്റ്റർ കെ. എം. ഇബ്രാഹിം.— കളിയ്ക്കുന്ന ആളുകൾ പോലീസുകാർക്കു വല്ലതും കൊടുക്കുന്ന പതിവുള്ളതായി ഗവമ്മെണ്ടിനറിവുണ്ടോ ?

Mr. P. Nilakanta Menon.—Sir, I don't know whether I must answer that question.

President.—What is the question ?

Mr. P. Nilakanta Menon.—He asks whether I am aware of the fact that Police take money from these players. That is saying that they are taking bribes.

Mr. K. M. Ibrahim.—My question has not been answered.

President.—I do not think it is a proper question to put.

മിസ്റ്റർ കെ. പി. വള്ളോൻ.—പൊട്ടകടവിൽവച്ചു് ഇത്തരം കളികൾ നടത്തി സാധുക്കളെ കഷ്ടപ്പെടുത്തുന്നുണ്ടെന്നു് പേപ്പറിൽ പ്രസിദ്ധം ചെയ്തിരുന്നതായി ബഹുമാനപ്പെട്ട ഗവമ്മെണ്ടിനറിയാമോ ?

LIBRARY ARCHIVES Kerala Legislative Assembly

മിസ്റ്റർ പി. നീലകണ്ഠമേനോൻ —അറിയില്ല.

Dr. A. R. Menon.—I hope nobody is compelled to go there and play.

Mr. P. Nilakanta Menon.—No.

മിസ്റ്റർ കെ. പി. വള്ളോൻ.—കളിനടന്ന തിയ്യതി അറിയാം; പക്ഷേ മാസം നിശ്ചയമില്ല. ഒരു ഫുട്ബാൾ കളി നടന്നിട്ടുള്ളതായി അറിവുണ്ടോ?

മിസ്റ്റർ പി. നീലകണ്ഠമേനോൻ.— തീയ്യതിയും സമയവും പറയുകയാണെങ്കിൽ അന്വേഷിച്ചു നോക്കാം.

മിസ്റ്റർ കെ. എം. ഇബ്രാഹിം.— പോലീസ് ഡിപ്പാർട്ടുമെണ്ടിൽനിന്നു കൈക്കുലിയുള്ളവേണ്ടവല്ലവരേയും രക്ഷിച്ചിട്ടുണ്ടോ?

Mr. P. Nilakanta Menon.—I do not know how that arises here.

President.—It does not arise.

Ernakulam General Hospital—Patients from Mattancheri.

273. Mr. Popatlal Goverdhan Lalan.—Will the Government be pleased to state:—

(a) if they maintain a register of cases treated at the out-patient and the in-patient departments of the General Hospital, Ernakulam;

(b) if so, will they be pleased to say how many cases from Mattancheri have been treated during the last year at each of the departments?

Dr. D. Raghavendra Rao.—(a) Yes.

(b) In-patients: 158; The out-patient Nominal Register does not record the place of residence of the patients.

Male Teachers in Girls' Schools.

274. Mr. A. Sankara Poduval.—Will the Government be pleased to state:—

(a) how many male teachers still continue, to be employed in the Sirkar Girls' Schools; and

(b) what subjects the male teachers teach?

Mr. I. N. Menon.—(a) 15 in the Sirkar Girls' High Schools.

(b) Physics, Chemistry, Mathematics, Natural Science, Geography.

Unemployment in Cochin.

275. Mr. K. M. Ibrahim.—With reference to question No. 21, dated 31st July 1933, regarding Industrial Development, will the Government be pleased to give in full the grounds on which they based their answer (a) No;

and the answer to the question, 'Are there not instances where non-official bills have been voted'?

LIBRARY ARCHIVES Kerala Legislative Assembly